# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:07.01.2026**

1. ശാസ്ത്രീയമായ ജീവിതരീതി അനിവാര്യതയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. 32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് ഗവർണർ കാസർഗോഡ് തുടക്കം കുറിച്ചു.
2. കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് കഴിഞ്ഞ മെയ് മാസം തൊഴിൽനഷ്ടം നേരിട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.
3. സാമൂഹിക നവീകരണത്തിൽ പുസ്തകോത്സവങ്ങൾക്കും വായനയ്ക്കും നിർണായക പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് തിരുവനന്തപുരത്ത് തുടക്കമായി.
4. അശ്വമേധം 7.0 കുഷ്ഠരോഗ നിർണയ ഭവന സന്ദർശനത്തിന് സംസ്ഥാനത്ത് തുടക്കം. ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.
5. 2026-ലെ ഹരിവരാസനം പുരസ്കാരം പ്രശസ്ത നാഗസ്വര വിദ്വാൻ തിരുവിഴ ജയശങ്കറിന്.
6. ഇന്ത്യയ്ക്കെതിരായ അണ്ടർ - 19 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 394 റൺസ് വിജയലക്ഷ്യം.

PRU TVPM

## ഗവർണർ (ഇൻട്രോ)

ശാസ്ത്രീയമായ ജീവിതരീതി അനിവാര്യതയാണെന്നും, സ്വന്തം ദേശത്തിൻറെ ജീവിതരീതികൾ പിന്തുടരണമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രത്തെ നിത്യജീവിതത്തിൽ നിന്നും വേർതിരിക്കാനാവില്ലെന്നും, ആരോഗ്യകരമായ ജീവിതശൈലി എന്താണെന്ന് പൂർവികർ അടയാളപ്പെടുത്തിയിട്ടുണ്ടെന്നും ഗവർണർ പറഞ്ഞു.

(ഹോൾഡ്)

പെരിയ ക്യാമ്പസിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ സിദ്ദു പി അൽഗുർ അധ്യക്ഷത വഹിച്ചു. വികസിത ഭാരതത്തിനായി ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് മൂന്ന് ദിവസം നീളുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിൽ ചർച്ചകൾ നടക്കുന്നത്.

RNUTVPM

## മന്ത്രിസഭ

പത്തനംതിട്ട ജില്ലയിൽ 2023 മുതൽ പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് പൂർണമായോ/ഭാഗികമായോ നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്കായി 58 ലക്ഷത്തി 45,500 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് 2025 മെയ് 18 നും 31 നും ഇടയിൽ നഷ്ടപ്പെട്ട 14 തൊഴിൽ ദിവസങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും തീരുമാനമായി. 1 ലക്ഷത്തി 72,000-ലധികം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 48 കോടി രൂപ അനുവദിക്കും. സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിൻ്റെ സംഭരണ വില കിലോഗ്രാമിന് 30 രൂപയായി

ഉയർത്തിയ ഉത്തരവിന് 2025 ഒക്ടോബർ 20 മുതൽ മുൻകാല പ്രാബല്യം നൽകാനും അനുമതിയായി.

## തെരുവുനായ

തെരുവുനായ വിഷയത്തിൽ സുപ്രീംകോടതി വിശദമായ വാദം കേട്ടു. തെരുവുനായ ആക്രമണത്തിന് ഇരയായവരുടെയും, മൃഗസ്നേഹി സംഘടനകളുടെയും വാദങ്ങൾ കോടതി പരിഗണിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതു ഇടങ്ങളിൽ നിന്നും തെരുവുനായകളെ അടിയന്തരമായി നീക്കം ചെയ്യണമെന്ന് നവംബറിൽ പരമോന്നത കോടതി ഉത്തരവിട്ടിരുന്നു. കുട്ടികൾക്കും, രോഗികൾക്കും, ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ ഇത്തരമിടങ്ങളിൽ തടസ്സം കൂടാതെ സഞ്ചരിക്കാനാവണമെന്ന് കോടതി ഇന്ന് പരാമർശിച്ചു. ദേശീയപാതകളിൽ നിന്നും അലഞ്ഞുതിരിയുന്ന മൃഗങ്ങളെ മാറ്റുന്നതിനായി NHAI നിർദ്ദേശം നൽകിയതായി അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചു. ഒറ്റപ്പെട്ട ആക്രമണങ്ങളുടെ പേരിൽ ഒരു പ്രദേശത്തു നിന്നും നായകളെ ഒന്നടങ്കം നീക്കം ചെയ്യുന്നത് ശരിയല്ലെന്ന് മൃഗസ്നേഹി സംഘടനകൾക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ കോടതിയോട് പറഞ്ഞു.

RNU TVPM

## പുസ്തകോത്സവം- സി എം

സാമൂഹിക നവീകരണത്തിൽ പുസ്തകോത്സവങ്ങൾക്കും വായനയ്ക്കും നിർണായക പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ നാലാം പതിപ്പ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാഹിത്യം സമൂഹത്തിൽ നിന്നും വേറിട്ട് നിൽക്കേണ്ട ഒന്നല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രശസ്ത സാഹിത്യകാരൻ എൻ എസ് മാധവന് നിയമസഭ പുരസ്കാരം മുഖ്യമന്ത്രി ചടങ്ങിൽ സമ്മാനിച്ചു. ഈ മാസം 13 വരെ നീളുന്ന പുസ്തകോത്സവത്തിൽ 180 ലേറെ പ്രസാധകർ പങ്കെടുക്കുന്നുണ്ട്.

പുസ്തകപ്രകാശനങ്ങൾ, പുസ്തകചർച്ചകൾ, സംവാദങ്ങൾ, എഴുത്തുകാരുമായുള്ള അഭിമുഖങ്ങൾ, തുടങ്ങിയവ ആറ് വേദികളിലായി നടക്കും. വൈകുന്നേരങ്ങളിൽ മെഗാ ഷോ, തെയ്യം, കളരിപ്പയറ്റ്, തുടങ്ങിയവും പുസ്തകോത്സവത്തിൻറെ ഭാഗമായി അരങ്ങേറും.

☸☸☸☸☸☸☸☸☸☸☸☸☸

## പുസ്തകങ്ങൾ വൻ വിലക്കുറവിൽ

കേരള നിയമസഭാ രാജ്യാന്തര പുസ്തകോത്സവത്തിൽ പബ്ലിക്കേഷൻസ് ഡിവിഷൻ്റെ പുസ്തകങ്ങൾക്ക് വൻ വിലക്കുറവ്. പത്തു മുതൽ 90 ശതമാനം വരെ വിലക്കുറവിലാണ് പുസ്തകങ്ങൾ ലഭ്യമാക്കുന്നത്.. യോജന, കുരുക്ഷേത്ര, എംപ്ലോയ്മെൻ്റ് ന്യൂസ് തുടങ്ങിയ മാസികകൾക്ക് വരിക്കാരാകുന്നതിനും അവസരമുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## വീണ ജോർജ്.

കൃത്യമായ ചികിത്സയിലൂടെ കുഷ്ഠ രോഗം പൂർണമായും ഭേദമാക്കാനാകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഒരു വർഷത്തെ ചികിത്സയിലൂടെ രോഗം പൂർണമായും ഭേദമാക്കാവുന്നതാണെന്നും, സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ പൂർണമായും സൗജന്യമാണെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ അശ്വമേധം 7.0 കുഷ്ഠരോഗ നിർണയ ഭവന സന്ദർശനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 2024-25 കാലയളവിൽ സംസ്ഥാനത്ത് 368 ആളുകളിൽ പുതിയതായി കുഷ്ഠരോഗം കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 521 രോഗികൾ ചികിത്സയിലുണ്ട്. സമൂഹത്തിൽ ആരിലെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരംഭത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## പ്രത്യേക ചർച്ചകൾ

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. വികസിത് ഭാരത് - ജി റാം ജി നിയമത്തെക്കുറിച്ച് നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള-കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ജി ഗോപകുമാർ സംസാരിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല

മകരവിളക്കിനു ആറു ദിനങ്ങൾ മാത്രം ശേഷിക്കേ ശബരിമല സന്നിധാനത്ത് ഭക്തജനത്തിരക്കേറുന്നു. മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പിനു ശേഷമാണ് തീർഥാടകർക്ക് ദർശനം ലഭ്യമാകുന്നത്. ഇന്ന് വൈകിട്ട് അഞ്ചുവരെ 67,978 പേർ ദർശനം നടത്തി. തിരക്ക് വർദ്ധിക്കുന്നതിനാൽ പ്രഥമിക സൗകര്യങ്ങളുടെ അപര്യാപ്തത തീർഥാടകർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## മന്ത്രി വി എൻ വാസവൻ

2026-ലെ ഹരിവരാസനം പുരസ്കാരം പ്രശസ്ത നാഗസ്വര വിദ്വാൻ തിരുവിഴ ജയശങ്കറിന്. സർവ്വമത സാഹോദര്യത്തിനും സമഭാവനക്കുമുള്ള സർഗാത്മക പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഈ പുരസ്കാരം നൽകി വരുന്നത്. മകരവിളക്ക് ദിവസം ശബരിമല സന്നിധാനത്ത് വച്ച് പുരസ്കാരം സമ്മാനിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ഇരവികുളം ദേശീയോദ ്യാനം-ഇടു ക്കി(ഇൻട്രോ)

ഇരവികുളം ദേശീയോദ്യാനത്തിൻറെ ഭാഗമായ രാജമലയിൽ വരയാടുകളുടെ പ്രജനനകാലം ആരംഭിച്ചു. ടൂറിസം മേഖലയിൽ പുതുതായി മൂന്ന് വരയാടിൻ കുഞ്ഞുങ്ങളെ വനപാലകർ കണ്ടെത്തി. ഈ

RNUTVPM

സാഹചര്യത്തിൽ വരും ദിവസങ്ങളിൽ ഉദ്യാനത്തിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തും.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## കാട്ടാന ആക്രമണം

ഇടുക്കി മാങ്കുളത്ത് കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾക്ക് ഗുരുതര പരിക്ക്. താളുങ്കണ്ടം സ്വദേശി സതീശനാണ് പരിക്കേറ്റത്. ഇന്ന് വൈകുന്നേരം തോട്ടത്തിൽ കാപ്പി വിളവെടുക്കുന്നതിനിടെയാണ് കാട്ടാനക്കൂട്ടത്തിൻറെ ആക്രമണമുണ്ടായത്. കാലിന് ഗുരുതരമായി പരിക്കേറ്റ സതീശനെ അടിമാലി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## കുടുംബശ്രീ മിഷൻ-കണ്ണൂർ (ഇൻട്രോ)

സ്ത്രീകൾക്ക് സ്ഥിര വരുമാനത്തിനായി കുടുംബശ്രീ മിഷൻ ആരംഭിച്ച കേരള ചിക്കൻ പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കണ്ണൂരിൽ ലഭിച്ചത് ഒരു കോടി 15 ലക്ഷം രൂപയുടെ വിറ്റു വരവ്. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് കുടുംബശ്രീ.

**വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## അഖില ഭാരതീയ പരിഷത്ത്

അഖില ഭാരതീയ സാഹിത്യ പരിഷത്തും കേരള ഹിന്ദി പ്രചാര സഭയും സംയുക്തമായി സംഘടിപ്പിക്കുന്ന ബഹുഭാഷാ ഭാരതി ബഹുഭാഷാ കേരളി പുരസ്കാര സമർപ്പണം മറ്റന്നാൾ തിരുവനന്തപുരം വഴുതക്കാടുള്ള കേരള ഹിന്ദി പ്രചാര സഭയിൽ നടക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ഇന്ത്യ-ദക്ഷിണാഫ്രിക്ക

ഇന്ത്യയ്ക്കെതിരായ അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 394 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 393 റൺസ് നേടി. ആരോൺ ജോർജ്ജും വൈഭവ് സൂര്യവൻശിയും ഇന്ത്യക്കായി സെഞ്ചുറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 17 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 72 റൺസ് എന്ന നിലയിലാണ്. ആദ്യ രണ്ട് മത്സരങ്ങളിൽ വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം തന്നെ സ്വന്തമാക്കിയിട്ടുണ്ട്.

PNU TVPM

☸

☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸